السنّة النبوية وعلومها
www.sunnah.global

- അവന്റെ പ്രവർത്തനം എന്താണെങ്കിലും അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്

ഉബാദത് ബ്നു സ്വാമിത് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറഞ്ഞു: "അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും (ലാ ഇലാഹ ഇല്ലല്ലാഹ്), (ആരാധിക്കപ്പെടാനുള്ള അർഹത) അവന് മാത്രമേയുള്ളുവെന്നും, അതിൽ അവന് ഒരു പങ്കാളിയും ഇല്ലെന്നും, മുഹമ്മദ് നബി -□- അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്നും (മുഹമ്മദുൻ അബ്ദുഹു വ റസൂലുഹു), ഈസ -عَلَيْهِ السَّلَامُ- അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനും, മർയമിലേക്ക് ഇട്ടുനൽകിയ അല്ലാഹുവിന്റെ വചനവും, അവന്റെ പക്കൽ നിന്നുള്ള ആത്മാവുമാണെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും ഒരാൾ സാക്ഷ്യം വഹിച്ചാൽ - അവന്റെ പ്രവർത്തനം എന്താണെങ്കിലും അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ് ."

[صحيح] [متفق عليه]

ഒരാൾ അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ് ' എന്ന കലിമതുത്തൗഹീദിന്റെ വാക്ക് അർത്ഥമറിഞ്ഞു കൊണ്ടും, അതിന്റെ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കി കൊണ്ടും ഉച്ചരിക്കുകയും, മുഹമ്മദ് നബി -□- യുടെ സന്ദേശത്തിലും അവിടുന്ന് അല്ലാഹുവിന്റെ അടിമയാണെന്നും സാക്ഷ്യം വഹിക്കുകയും, ഈസാ നബി -عَلَيْـــــــهِ السَّلَامُ- അല്ലാഹുവിന്റെ അടിമയാണെന്നും, അല്ലാഹുവിന്റെ ദൂതനായിരുന്നുവെന്നും അംഗീകരിക്കുകയും, അല്ലാഹു അദ്ദേഹത്തെ 'ഉണ്ടാകൂ' എന്നർത്ഥമുള്ള 'കുൻ' എന്ന വാക്ക് കൊണ്ടാണ് സൃഷ്ടിച്ചത് എന്നും, അങ്ങനെയാണ് അദ്ദേഹം ഉണ്ടായതെന്നും, അല്ലാഹു സൃഷ്ടിച്ച ആത്മാക്കളിൽ പെട്ട ഒരു ആത്മാവാണ് (റൂഹ്) അദ്ദേഹമെന്നും, യഹൂദർ അദ്ദേഹത്തിന്റെ മാതാവിനെതിരെ ആരോപിച്ച കാര്യത്തിൽ നിന്ന് അവർ പരിശുദ്ധയായിരുന്നുവെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും, അവ നിലവിൽ നിലനിൽക്കുന്നുണ്ട് എന്നും, അല്ലാഹുവിന്റെ അനുഗ്രഹമാണ് സ്വർഗമെന്നും, അവന്റെ ശിക്ഷയാണ് നരകമെന്നും, വിശ്വസിച്ചു കൊണ്ട് മരിക്കുകയാണെങ്കിൽ - അവന്റെ നന്മകളിൽ കുറവുകൾ സംഭവിച്ചിട്ടുണ്ട് എങ്കിലും, അവൻ തെറ്റുകൾ ചെയ്തിട്ടുണ്ട് എങ്കിലും- അവന്റെ പര്യവസാനം സ്വർഗമായിരിക്കുമെന്ന് നബി -□- അറിയിക്കുന്നു.

https://sunnah.global/hadeeth/ml/show/3417

النجاة الخيرية
ALNAJAT CHARITY
لجنة الدعوة الإلكترونية
EDC E-Da'wah Committee